ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ അങ്ങാടിപ്പാട്ടിനെപ്പറ്റി ഗവണ്മെൻറിനറിഞ്ഞുകൂടാ. ഈ പറഞ്ഞ വസ്തുതകളൊന്നും ഉണ്ടായിട്ടില്ല. എന്തായാലും ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കാം. റാഗ്ഗിംഗിൽ ഉൾപ്പെട്ട എന്ന കാരണത്താൽ 12 വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്നു പുറത്താക്കി. അതു കൊണ്ട് അവിടെ ജോലിചെയ്തുകൊണ്ടിരുന്ന വാച്ചുമാനാണ് വിവരം പറഞ്ഞു കൊടുത്തത് എന്നു പറഞ്ഞു കുട്ടികൾ അയാളെ വളരെയധികം ദേഹോപദ്രവം ഏല്പിക്കുകയും ഒരു മുറിയിലാക്കി അടയ്ക്കുകയും ചെയ്തു. അയാൾ ജോലി രാജിവച്ചിട്ട് പിരിഞ്ഞുപോകുകയും പോലീസിൽ പരാതിപ്പെടുകയുമുണ്ടായി. പോലീസ് അതേപ്പറ്റി അന്വേഷണം നടത്തി. പ്രിൻസിപ്പാളിന്റെ പേരിൽ യാതൊരു കുറവും നടപടിപ്പിശകും ഉള്ളതായി അറിവില്ല.

ശ്രീ. ഇ. പി. ഗോപാലൻ : ഇവിടെ മറുപടി പറഞ്ഞുകേട്ടതിൽ ഇൻറർ കൊളീജിയറ്റ് ടൂർണമെൻറിൽ പങ്കെടുക്കാൻ കഴിവുള്ള കുട്ടികളെ ഇല്ലായിരുന്നു എന്നു പറഞ്ഞു അതു ഒരു സാധാരണ രീതിയിലുള്ള മറുപടിയാണ്. ഇൻറർകൊളീജിയറ്റ് ടൂർണമെൻറിൽ കുട്ടികളെ വളരെ ഉത്സാഹത്തോടുകൂടി പങ്കെടുക്കാറുണ്ട്. അവിടെ ആൺകുട്ടികളെ ഇല്ലാത്തതുകൊണ്ട് പെൺകുട്ടികളെ മാത്രം എടുത്തു എന്നു പറഞ്ഞു. അവിടത്തെ ഒരു ഡാക്ടർ പി. പി. മേനോൻ ക്യാലിക്കറ്റ് ഹാസ്പിറ്റലിൽ ഐസ്പെഷ്യലിസ്റ്റായിരുന്നു. അദ്ദേഹം അവിടെ നിന്നും ഇതുമുഖാന്തിരം ആശുപത്രിയിലുള്ള പ്രവർത്തനം മതിയാക്കി. അതായത് ആണറ്റി പ്രവർത്തനം മതിയാക്കി കോഴിക്കോട്ട് പ്രൈവറ്റായി പ്രവർത്തനം നടത്തുകയാണ്. ഇങ്ങനെയൊക്കെയുള്ള കുറെ വസ്തുതകളുടെ അടിസ്ഥാനത്തിൽ എന്തോ അവിടെ തകരാറുണ്ട്. അതു് എത്ര മൂടാൻ ശ്രമിച്ചാലും സാദ്ധ്യമല്ല. അതുകൊണ്ട് അന്വേഷണം നടത്തി എന്തെങ്കിലും നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ സ്പോർട്സ് സെക്രട്ടറി ഇക്കൊല്ലം രാജിവയ്ക്കുകയുണ്ടായി. അങ്ങനെ സ്പോർട്സ് സെക്രട്ടറിയോ, ക്യാപ്റ്റനോ ഇല്ലാതിരുന്നതുകൊണ്ട് ആൺകുട്ടികളെ തിരഞ്ഞെടുക്കുവാൻ കഴിഞ്ഞില്ല. അവരാണ് അതിലേക്ക് വേണ്ടവരെ തിരഞ്ഞെടുക്കേണ്ടതു്. അതുകൊണ്ട് ആൺകുട്ടികളെ തിരഞ്ഞെടുക്കുകയുണ്ടായില്ല. പെൺകുട്ടികളെ തിരഞ്ഞെടുത്തതു അവിടത്തെ ഫിസിക്കൽ ഡയറക്ടറസ്സാണ്. അതുപോലെ ഡാക്ടർ മേനോനെപ്പറ്റിയാണെങ്കിൽ എല്ലാ ആണറ്റി ഡാക്ടറന്മാരുടെയും കാലാവധി 1962 സെപ്റ്റംബർ 31–ാം തീയതി അവസാനിക്കുകയുണ്ടായി. അതിനശേഷം ചിലരുടെ അപ്പ്ലിക്കേഷൻ അനുസരിച്ചു വീണ്ടും പുതുക്കിക്കൊടുത്തു. ഇല്ലാത്ത Dr. Mours ആദ്യമേ അപ്പ്ലിക്കേഷൻ ഗവണ്മെൻറിലേക്ക് അയച്ചതാണ്. അതിനശേഷം ഞാൻ കോഴിക്കോട്ട് ചെന്നപ്പോൾ അദ്ദേഹം പറഞ്ഞതു, ഞാനും അപേക്ഷ അയച്ചിരുന്നു; പക്ഷേ എനിക്കു തുടർന്നു ആണറ്റി ഡാക്ടറായിരിക്കേണ്ട, അതുകൊണ്ട് എൻറെ അപ്പ്ലിക്കേഷൻ കൺസിഡർ ചെയ്യേണ്ട ആവശ്യമില്ലന്നാണ്. അതിൻറെ അടിസ്ഥാനത്തിൽ അനുമതി കൊടുക്കാതിരുന്നതാണ്.

കാളറാ ബാധിതരായി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവർ

* 907. [48] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തു് അടുത്തകാലത്തു് കാളറാ ബാധയുണ്ടായപ്പോൾ അതിൽപ്പെട്ട എത്രപേരെ തിരുവനന്തപുരം ജനറലാശുപത്രിയിൽ പ്രവേശിപ്പിച്ചു ;

(ബി) അതിൽ എത്രപേർ മരണമടഞ്ഞു ;

(സി) ആശുപത്രിയിൽ പ്രവേശിപ്പിച്ചതിൽ എത്രയാളുകൾക്ക് കാളറാബാധയുണ്ടെന്നു് പബ്ലിക്ക് ഹെൽത്തു് അധികൃതർ അഭിപ്രായപ്പെടുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നവരെ കിടത്താൻ ആവശ്യമായ ഐസൊലേഷൻ വാർഡ് ഇല്ലായിരുന്നുവെന്നും, വെനീറിയൽ ഡിസീസുകാരെ കിടത്തിയിരുന്ന വാർഡിലാണ് കാളറാ രോഗികളേയും കിടത്തിയതെന്നും, ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) ആവശ്യമായ സ്ഥലസൗകര്യവും, സ്റ്റാഫും, സജ്ജീകരണങ്ങളുമുള്ള ഒരു ഐസൊലേഷൻ വാർഡ് തിരുവനന്തപുരത്തു ജനറലാശുപത്രിയിൽ താമസംവിനാ പണികഴിപ്പിക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 20—11—1963-വരെ 422 പേരെ പ്രവേശിപ്പിക്കുകയുണ്ടായിട്ടുണ്ട്.

(ബി) മരണമൊന്നും ഉണ്ടായിട്ടില്ല.

(സി) സ്ഥലദൗർലഭ്യത്താലും അനേകം രോഗികളെ ഒരേസമയം പ്രവേശിപ്പിക്കേണ്ടിവന്നതിനാലും, വെനീറിയൽ ഡിസീസുകാരെ കിടത്തിയിരുന്ന വാർഡുകൂടി കാളറാ രോഗികളെ കിടത്താൻ ഉപയോഗിച്ചു.

(ഇ) ഇക്കാര്യം പര്യാലോചിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ കാളറാ രോഗികളെ കിടത്തിയിരിക്കുന്ന സ്ഥലത്തു ജോലി ചെയ്യുന്നവർക്ക് റിസ്ക് അലവൻസ് കൊടുക്കുന്നതിനു പുറമെ കാളറാ സംബന്ധിച്ചു വളരെ നിവാരണപ്രവർത്തനം നടത്തിവന്നിരുന്ന ഇഞ്ചക്ഷൻ മുതലായവ നടത്തുന്നവർക്ക് മറെറന്തെങ്കിലും അലവൻസ് കൊടുക്കാൻ നടപടി എടുക്കുന്നതിനു ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സർ: അതു സംബന്ധിച്ചു വളരെ ജോലിചെയ്യേണ്ടതായിവന്ന, 24 മണിക്കൂറും ജോലിചെയ്യേണ്ടിവന്ന പബ്ലിക് ഹെൽത്തു ലാബറട്ടറിയിലും അതുപോലെ തിരുവനന്തപുരം കാർപ്പറേഷന്റെ കീഴിലുമുള്ള ഹെൽത്തു ഇൻസ്പെക്ടറന്മാർക്കും ഹെൽത്തു അസിസ്റ്റൻറന്മാർക്കും പ്രത്യേകമായി ഒരു അലവൻസു കൊടുക്കുകയുണ്ടായി എന്നു അറിയുന്നു. ഹെൽത്തു ഡിപ്പാർട്ടുമെൻറിലും അങ്ങനെ കിട്ടണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. അതു സംബന്ധിച്ചു തീരുമാനമൊന്നുമെടുത്തിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വളരെ ഫലപ്രദമായി അവിടെയുള്ള ജീവനക്കാർ അതുമായി ഇടപെട്ടിട്ടുണ്ട് എന്നുള്ളതിനെ പരിഗണിച്ചെങ്കിലും അവർക്ക് റിസ്ക് അലവൻസ് എന്ന നിലയിൽ വല്ലതും കൊടുക്കാൻ സാദ്ധ്യമാകുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : Risk allowance കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ കാലത്തേക്കു വല്ല പ്രത്യേക അലവൻസും കൊടുക്കേണ്ടതാണോയെന്നു പരിശോധിക്കാം.

ശ്രീമതി. ഓ. ടി. ശാരദാകൃഷ്ണൻ : നാലഞ്ചുദിവസം മുൻപു പാറശാല ആശുപത്രിയിൽ പ്രവേശിപ്പിച്ച ആറുപേർ മരിച്ചുവെന്നും, മറ്റു ചില രോഗികളും അവിടെ പോയ്പ്പോരും മരുന്നു യാതൊന്നുമില്ലാതിരുന്നുവെന്നുമുള്ള വിവരം ഗവണ്മെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഒരു വാർത്ത ഇന്നലത്തെ കേരളകൗമുദിപത്രത്തിൽ വന്നു. അതിനെ സംബന്ധിച്ചു അന്വേഷണം നടത്തി. ചില രോഗികളെ തിരുവനന്തപുരത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളമുള്ള ഫൈനൽ റിസൾട്ടു കിട്ടിയിട്ടില്ലെങ്കിലും എല്ലാവരും കാളറാ രോഗികളാണെന്നാണു മനസ്സിലായിട്ടുള്ളതു. അവിടത്തേക്കാവശ്യമായ സ്പെഷ്യൽ സ്റ്റാഫിനെ നിയോഗിച്ചിട്ടുണ്ട്. 30,000 ആളുകളെ വാക്സിനേറു ചെയ്കയും ചെയ്തിട്ടുണ്ട്. രോഗികളുടെ സൗകര്യത്തിനു വേണ്ടി ഒരു പ്രത്യേക Ambulance വാഹനവും കൊടുത്തിട്ടുണ്ട്. എല്ലാവിധ സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇന്നലെ എം. എൽ. എ. കാർഡ്യോളജിസ്റ്റിലെ സ്റ്റാഫിൽപ്പെട്ട ഒരാൾ ബോധക്ഷയമായി വീഴുകയും ഡാക്ടരുടെ അഭിപ്രായപ്രകാരം തിരുവനന്തപുരം ജനറലാശുപത്രിയിലേക്ക് നീക്കം ചെയ്യുകയും ചെയ്തു. ആശുപത്രിയിൽ കൊണ്ടുപോയശേഷം അരമണിക്കൂർ നേരം ആരും ശ്രദ്ധിക്കാനില്ലാതെ പുറത്തുകിടക്കുന്നതിനുള്ള പരിതഃസ്ഥിതിയുണ്ടായി. അവിടത്തെ നേഴ്സുകളോട് പറഞ്ഞപ്പോൾ കുറെയെല്ലാം അങ്ങനെ കിടക്കേണ്ടിവരുമെന്ന ദയവില്ലാതെ പറയുകയും ബെഡ്വേണമെങ്കിൽ മറ്റു ചിലതും ചെയ്യേണ്ടിവരുമെന്ന പറയുന്ന സ്ഥിതിയും ഇന്നലെയുണ്ടായി. ജനറലാശുപത്രിയിലെ ഡാക്ടർമാരുടെയും, നേഴ്സുകളുടെയും സ്ഥിതി ഇതാണെങ്കിൽ സാധാരണ ഉൾപ്രദേശങ്ങളിലെ സ്ഥിതി എന്തായിരിക്കുമെന്നുള്ളതിനെ പരിഗണിച്ച് ഇങ്ങനെയുള്ള ഘട്ടങ്ങളിലെങ്കിലും മാനുഷികമായ പരിഗണനകളോടുകൂടി രോഗികളോട് പെരുമാറണമെന്ന ആശുപത്രി ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഞാനിതു ഇന്നലെ രാത്രിതന്നെ അറിഞ്ഞു. എം. എൽ. എ. കാർഡ്യോളജിസ്റ്റിലെ ജോലിക്കാരനല്ല, ജോലിക്കാരന്റെ മകനാണ്. ഏഴേകാൽ മണിക്ക് ആശുപത്രിയിൽ കൊണ്ടുപോയി. രണ്ടോ, മൂന്നോ ഡാക്ടർമാർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു. അവർ ഏതോ എമർജൻസി കേസിൽ അപ്പറേഷൻ തീയേറ്ററിൽ ആയിരുന്നു എന്നാണെന്റെ അറിവ്. ഒരു അരമണിക്കൂർനേരം അന്വേഷിക്കാൻ താമസം നേരിട്ട എന്നായിരുന്നു പരാതി. ഇതിനെപ്പറ്റി അന്വേഷണം നടത്താൻ ഏർപ്പാടുചെയ്തിട്ടുണ്ട്. എന്തെങ്കിലും കുറ്റം ജീവനക്കാരുടെ പേരിലുണ്ടെങ്കിൽ തീർച്ചയായും നടപടി എടുക്കുന്നതാണ്.

ശ്രീ. കെ. അനിരുദ്ധൻ : കാളറാവാർഡിൽ ജോലിചെയ്യുവർ പെട്ടെന്നു പകർച്ചവ്യാധി പിടിച്ചേക്കാവുന്ന തരത്തിലുള്ള ജോലിയാണ് ചെയ്യുതെന്നുള്ളതിനെ പരിഗണിച്ചും, അതേ സ്വഭാവത്തിലുള്ള പബ്ലിക്ക് ഹെൽത്തുലാബറട്ടറിയിലേയും, കാർപ്പറേഷനിലേയും ജീവനക്കാർക്ക് റിസ്ക്ക് അലവൻസോ, അല്ലെങ്കിൽ പ്രത്യേക അലവൻസോ കൊടുത്തിട്ടുണ്ടെന്നുള്ളതിനെ പരിഗണിച്ചും ജനറലാശുപത്രിയിൽ ജോലിചെയ്യുവർക്ക് അലവൻസു കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഞാൻ നേരത്തെ ഒരു ചോദ്യത്തിനു പറഞ്ഞ മറുപടി ബഹുമാനപ്പെട്ട മെമ്പർ കേട്ടില്ലെന്നു തോന്നുന്നു. ആർക്കും തന്നെ റിസ്ക്കലവൻസു കൊടുത്തിട്ടില്ല. ഓവർടൈം ജോലി ചെയ്യാൻ നിർബന്ധിതമായ കാരണത്താലാണ് ചിലർക്ക് അലവൻസ് കൊടുത്തതു്. മറ്റു ആർക്കെല്ലാം കൊടുക്കണമെന്നു ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ആത്മഹത്യചെയ്തുവെന്ന കേസ്സ്.

* 908. [49] ശ്രീ. സി. അച്യുതമേനോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുകുന്ദപുരം താലൂക്കിൽ പൊറത്തിശ്ശേരിവില്ലേജ് എലമ്പലക്കാട്ടു കുമാരൻ മകളും വെള്ളാങ്ങല്ലൂർ ദേശത്തു വാരിക്കാട്ടിൽ രാമൻ മകൻ പാപ്പുട്ടി എന്ന ആളിന്റെ ഭാര്യയുമായ ദേവകി എന്ന സ്ത്രീ 2–11–1963–ൽ ആത്മഹത്യ ചെയ്തു എന്ന ഒരു കേസ്സ് ഉണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത മരണം ആത്മഹത്യയല്ലെന്നും കൊലപാതകമാണെന്നും സംശയിച്ചുകൊണ്ട് അന്വേഷണം നടത്താനുള്ള ഹർജികൾ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ആരോപണത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണഫലമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly